# മദ്റസാ പഠനം ഇങ്ങനെത്തന്നെ മതിയോ?

◆ കവർസ്റ്റോറി

മുഹമ്മദ് കുട്ടി ചേന്ദമംഗല്ലൂർ

**പാഠശാല** എന്നർഥം വരുന്ന 'മദ്റസ' അറബി പദമാണെങ്കിലും സ്കൂൾ എന്ന ഇംഗ്ലീഷ് വാക്ക് പോലെത്തന്നെ മത-ജാതി-പ്രദേശഭേദമന്യേ കേരള ജനതക്ക് സുപരിചിതമാണ്. മുസ്‌ലിം കുട്ടികൾക്കായുള്ള മതപഠനകേന്ദ്രം എന്ന നിലയിൽ കേരളത്തിന്റെ മുക്കുമൂലകളിലൊക്കെയും മദ്റസകൾ സ്ഥാപിച്ച് നടത്തപ്പെടുന്നുണ്ട്. ഒരു സ്ഥിതിവിവരക്കണക്കിന്റെ പിൻബലമില്ലാതെത്തന്നെ മുസ്‌ലിംകുടുംബങ്ങൾ താമസിക്കുന്ന ഗ്രാമ-നഗര പ്രദേശങ്ങളിലൊക്കെയും ചെറുതോ വലുതോ ആയ മദ്റസകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പറയാനാവും. ഗുരുകുല സമ്പ്രദായത്തിലും ഓത്തുപള്ളി രീതിയിലും തുടങ്ങി വിദ്യാഭ്യാസ ബോർഡുകൾക്ക് കീഴിൽ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളായി മദ്റസകൾ വളർന്നുകഴിഞ്ഞിരിക്കുന്നു. സ്കൂൾ പഠനം തുടങ്ങുന്നതോടെ മദ്റസാ പഠനവും സാധ്യമാവുന്ന രീതിയിൽ മുസ്‌ലിംസമൂഹം മതപഠനത്തിന് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

സ്കൂൾ സമയമാറ്റത്തെക്കുറിച്ച ചില നിർദേശങ്ങൾ വിദ്യാഭ്യാസരംഗത്തെ ഒരു കമ്മിറ്റി സർക്കാറിനു മുമ്പിൽ സമർപ്പിച്ചപ്പോഴേക്കും അത് മദ്റസാപഠനത്തെ ബാധിക്കുമോ എന്ന ആശങ്ക മുസ്‌ലിംസമൂഹത്തിൽ ഉയർന്നുകഴിഞ്ഞു. പത്രകോളങ്ങളിലും നേതാക്കളുടെ പ്രസംഗങ്ങളിലുമൊക്കെ അത് പ്രകടമായിക്കൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ സമയമാറ്റത്തോടൊപ്പം കേരളത്തിലെ മദ്റസാ പ്രസ്ഥാനത്തിന്റെ ലക്ഷ്യപ്രാപ്തി, അതിനു വേണ്ടിയുള്ള സമുദായത്തിന്റെ അർഥ-ശ്രമ വ്യയത്തോട് ചേർത്തുവെച്ച് ആലോചനക്ക് വിധേയമാക്കേണ്ടതുണ്ട് എന്ന് തോന്നുന്നു. അതിനൊരു തുടക്കക്കുറിപ്പ് മാത്രമാണിത്.

സമൂഹത്തിൽ വിശ്വാസാനുഷ്ഠാന കാര്യങ്ങളുടെ നൈരന്തര്യം ഉറപ്പുവരുത്തി നന്മയുടെ പ്രചാരണവും തിന്മയുടെ വിപാടനവും സാധ്യമാക്കുക വിശ്വാസത്തിന്റെ ഭാഗവും വിശ്വാസിയുടെ ധർമവുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു ഇസ്‌ലാമിൽ. ഈയൊരു ബാധ്യതാ നിർവഹണത്തിന്റെ പ്രായോഗികരൂപമാണ് മദ്റസാ പ്രസ്ഥാനത്തിലൂടെ മുസ്‌ലിംസമൂഹം ലക്ഷ്യം വെക്കുന്നത്. രാവിലെ സ്കൂൾ സമയത്തിനു മുമ്പുള്ള രണ്ട് മണിക്കൂർ ഉപയോഗപ്പെടുത്തി ഇസ്‌ലാമിന്റെ വിശ്വാസാനുഷ്ഠാന കാര്യങ്ങളും ഖുർആൻ പാരായണവും പഠിപ്പിക്കുന്ന രീതിയാണ് മദ്റസകൾ സ്വീകരിച്ചുവരുന്നത്.

## സിലബസ് ക്രമീകരണം

അറബി അക്ഷരപഠനത്തോടെയാണ് എല്ലാ വിഭാഗം മദ്റസകളിലും സിലബസ് ക്രമീകരിച്ചിരിക്കുന്നത്. മദ്റസാ പഠനത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം വിശുദ്ധ ഖുർആൻ പാരായണവും മനഃപാഠമാക്കലുമാണെന്ന നിർണയമാണ് ഖുർആന്റെ ഭാഷയായ അറബിക്ക് സിലബസ്സിൽ ഒന്നാം സ്ഥാനം നൽകപ്പെടാൻ കാരണം. ഒരു വർഷം കൊണ്ട് അറബി അക്ഷരങ്ങളുടെ കൂട്ടിവായനയിലെത്തുന്ന കുട്ടി രണ്ടാം ക്ലാസ്സിൽ ഖുർആൻ പാരായണത്തിന് തുടക്കം കുറിക്കുന്നു. ഇസ്‌ലാമിന്റെ വിശ്വാസകാര്യങ്ങളും അനുഷ്ഠാന നിയമങ്ങളും ശ്രദ്ധയിൽ കൊണ്ടുവരലും സ്വഭാവ രൂപീകരണം ലക്ഷ്യം വെച്ചുകൊണ്ട് ചരിത്ര സംഭവങ്ങൾ കഥാകഥനരീതിയിൽ പകർന്നുകൊടുക്കലുമാണ് ഈ കാലയളവിൽ നടക്കുന്നത്. നന്മയും തിന്മയും തിരിച്ചറിയാനുള്ള പ്രാഥമിക പരിജ്ഞാനവും ചെറിയ ക്ലാസ്സുകളിൽ കുട്ടി നേടിയെടുക്കുന്നുണ്ട്. തുടർന്ന് ജീവിതത്തെ ഇസ്‌ലാമികമായി ചിട്ടപ്പെടുത്തിയെടുക്കാനുതകുന്ന ഖുർആൻ, ഹദീസ്, കർമശാസ്ത്ര പഠനങ്ങൾ ക്രമപ്ര

വൃദ്ധമായി ഉയർന്ന ക്ലാസ്സുകളിൽ നിർവഹിക്കപ്പെടുന്നു

ഏഴാം ക്ലാസ് വരെയുള്ള മദ്റസാ പഠനം കൊണ്ടുതന്നെ ഇസ്‌ലാമിലെ അടിസ്ഥാന സിദ്ധാന്തങ്ങളായ തൗഹീദ് (ഏകദൈവത്വം), രിസാലത്ത് (പ്രവാചകത്വം), ആഖിറത്ത് (പരലോകം) എന്നിവ സംബന്ധിച്ച സാമാന്യ വിവരവും നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയ അനുഷ്ഠാനങ്ങളെക്കുറിച്ച ധാരണയും കുട്ടികളിൽ ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നു (ഏഴാം ക്ലാസ്സിനു ശേഷവും പഠനം തുടരാവുന്ന സെക്കന്ററി മദ്റസകൾ ചിലയിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും എണ്ണത്തിൽ കുറവാണ്).

ചുരുക്കത്തിൽ, ഇസ്‌ലാമികവിശ്വാസം മനസ്സിലൂട്ടിയുറപ്പിച്ചും അനുഷ്ഠാനങ്ങൾ ശീലിപ്പിച്ചും ചരിത്രപഠനത്തിലൂടെ ഇസ്‌ലാമിനെ ഒരാവേശമായി മനസ്സിലേറ്റുവാങ്ങാൻ പാകപ്പെടുത്തിയുമാണ് പ്രൈമറി മദ്റസാ സിലബസ്സിന് രൂപം നൽകപ്പെട്ടിരിക്കുന്നത്. സംഘടനാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട കേരളത്തിലെ മദ്റസകൾക്ക് വിവിധ തലങ്ങളിൽ നിന്ന് രൂപകൽപന ചെയ്യപ്പെട്ട പാഠപുസ്തകങ്ങളിൽ ബാഹ്യതല ഭേദങ്ങൾക്കൊപ്പം ആന്തരികമായ ഈ ലക്ഷ്യസമാനത നമുക്ക് കണ്ടെത്താനാവും.

ഒരു സാധാരണ മുസ്‌ലിം കുട്ടിയുടെ ഔപചാരിക ഇസ്‌ലാമിക വിദ്യാഭ്യാസം ഇവിടെ അവസാനിക്കുന്നു. ഹൈസ്കൂൾ, കോളേജ് തലങ്ങളിൽ ഇസ്‌ലാമിക വിഷയങ്ങൾ പൊതുവായി കടന്നുവരുന്നില്ല. ഹയർ സെക്കന്ററി-കോളേജ് പഠനത്തിൽ അറബിയോ ഇസ്‌ലാമിക വിഷയമോ ഐഛികമായി തെരഞ്ഞെടുത്തവർക്ക് മാത്രമാണ് പിന്നീട് ഇസ്‌ലാമിക വിഷയങ്ങളുമായി പരിമിതമായിട്ടെങ്കിലും ഇടപഴകാൻ അവസരമുണ്ടാകുന്നത്.

പന്ത്രണ്ട് വയസ്സോടെ അവസാനിക്കുന്ന മദ്റസാ പഠനം കൊണ്ട് ഇസ്‌ലാമിക ധാർമികബോധമുള്ള തലമുറകളെ സൃഷ്ടിച്ചെടുക്കാൻ കഴിയുന്നോ എന്ന് സമുദായം പഠനത്തിനും ചർച്ചക്കും വിധേയമാക്കേണ്ടതുണ്ട്. നിലവിലുള്ള വിദ്യാർഥി യുവജന വിഭാഗങ്ങളിൽ മദ്റസാ വിദ്യാഭ്യാസം പൂർത്തിയാക്കിയവർ സ്വഭാവപരമായ വ്യതിരിക്തതയും ഉത്തമമൂല്യങ്ങളോടുള്ള പ്രതിബദ്ധതയും കാത്തുസൂക്ഷിക്കുന്നുണ്ടോ എന്ന അന്വേഷണത്തിൽനിന്ന് ഇതിന് ഉത്തരം കണ്ടെത്താനാവും. മദ്റസകളിൽനിന്ന് ഉരുവിട്ട് പഠിക്കുന്ന ധാർമിക മൂല്യങ്ങളും വ്യവഹാര നിയമങ്ങളും ജീവിതത്തിൽ പ്രതിഫലിക്കുംവിധം മനസ്സിനെ സ്വാധീനിക്കാതെ കടന്നുപോകുന്നില്ലേ എന്ന് ന്യായമായും സംശയിക്കുംവിധമാണ് മുസ്‌ലിം സമുദായത്തിലെ അപഥസഞ്ചാരികളുടെ ഗ്രാഫിന്റെ ഉയർച്ച.

## രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്ക്

മദ്റസ നടത്തിപ്പും പഠനവും മതപരമായ ഒരു ബാധ്യത എന്നതിലുപരി ജീവിതം മുഴുവൻ സ്വാധീനിക്കേണ്ട ഒരാദർശ സംഹിതയുടെ വിത്തുപാകൽ എന്ന നിലയിൽ സഗൗരവം നിർവഹിക്കപ്പെടുന്നില്ല. രക്ഷിതാക്കളും സമൂഹവും ഒരു കുട്ടിയുടെ ധാർമിക നിലവാരത്തെ വിലയിരുത്തുന്നതിൽ തന്നെ അടിസ്ഥാനപരമായി പിഴച്ചിരിക്കുന്നുവെന്ന് കാണാവുന്നതാണ്. ഇസ്‌ലാമിലെ ആരാധനാ നിർവഹണത്തിലെ ചിട്ടയും വേഷവിധാനങ്ങളുമാണ് ഇപ്പോഴും ഒരാളെക്കുറിച്ച സമൂഹത്തിന്റെ മുഖ്യ മൂല്യനിർണയോപാധികൾ. ആരാധനാ കർമങ്ങളോട് ചേർത്തും ബന്ധപ്പെടുത്തിയും ഇസ്‌ലാം, സമൂഹത്തെയുണർത്തിയ സ്വഭാവരൂപീകരണ പ്രക്രിയ വിസ്മരിക്കപ്പെടുകയാണ്. ആരാധനകളിലൂടെ ലബ്ധമാകേണ്ട തഖ്‌വ എന്ന അവസ്ഥാ വിശേഷത്തിന് സ്വഭാവ, പെരുമാറ്റ, വിനിമയരീതികളിലൂടെയാണ് പ്രകടഭാവം കൈവരുന്നത്. പ്രസാരണശേഷിയും ചലനാത്മകതയുമുള്ള ഈ അവസ്ഥാവിശേഷത്തിന്റെ ഗുണഭോക്താക്കളായിത്തീരേണ്ടത് വ്യക്തിയുമായി പല വിതാനങ്ങളിൽ ബന്ധപ്പെടുന്ന സമൂഹാംഗങ്ങളാണ്. ഇതിൽ ഭാര്യയും മക്കളും മാതാപിതാക്കളും അയൽവാസികളും കൂട്ടുകാരുമെല്ലാം കടന്നുവരും. പക്ഷേ, ഇത്തരമൊരു ദൈവഭക്തനെ (മുത്തഖി) വാർത്തെടുക്കുന്നതിൽ മദ്റസാ വിദ്യാഭ്യാസത്തിന് സാധിക്കാതെ വരുന്നുണ്ടെങ്കിൽ എന്തോ എവിടെയോ പിഴച്ചിരിക്കുന്നുവെന്ന് വേണം കരുതാൻ.

## മദ്റസകളിലെ ബോധന–മൂല്യനിർണയ രീതി

മദ്റസകളിൽ ഇന്ന് നിലവിലുള്ള ബോധനരീതി പരമ്പരാഗതവും ആധുനികബോധന സങ്കൽപങ്ങളോട് പുറംതിരിഞ്ഞുനിൽക്കുന്നതുമാണ്. പാഠപുസ്തകകേന്ദ്രീകൃതമായ ബോധനവും മൂല്യനിർണയരീതിയും മാത്രം അവലംബിക്കപ്പെടുന്നതിനാൽ പ്രായോഗിക ജീവിതത്തിൽ പഠിച്ചത് പാലിക്കപ്പെടുന്നുണ്ടോ എന്ന അന്വേഷണത്തിന് അവസരമുണ്ടാകുന്നില്ല. പരീക്ഷക്കുള്ള ഉത്തരക്കടലാസിൽ പ്രാർഥനകൾ തെറ്റില്ലാതെ എഴുതിവെക്കാൻ മാത്രം അറബി ഭാഷാ പരിജ്ഞാനമില്ലാത്ത കുട്ടി മാർക്കിന്റെ അടിസ്ഥാനത്തിൽ പിന്തള്ളപ്പെടുന്നു. ജീവിതത്തിൽ ഒരിക്കലും എഴുതി ഫലിപ്പിക്കേണ്ടതില്ലാത്ത മയ്യിത്ത് നമസ്കാരത്തിലെ പ്രാർഥനകൾ എഴുത്തുപരീക്ഷയിലൂടെ പരിശോധിക്കപ്പെടേണ്ടതുണ്ടോ? മാതാപിതാക്കളെ അനുസരിക്കുക എന്ന സ്വഭാവഗുണം ഉത്തരക്കടലാസിലെ വടിവൊത്ത അക്ഷരങ്ങളിൽ കാണുന്നതിലൂടെ മാത്രം അംഗീകരിക്കാനാവുമോ?

ബോധനരീതികൾ പ്രായോഗിക പരിശീലനങ്ങൾക്ക് പ്രാമുഖ്യം നൽകിയും മൂല്യനിർണയം മദ്റസക്ക് അകത്തും പുറത്തും കുട്ടി അനുവർത്തിക്കുന്ന പെരുമാറ്റരീതി കൂടി കണക്കിലെടുത്തും നിർവഹിക്കപ്പെടേണ്ടതുണ്ട്. പരീക്ഷയിൽ നേടുന്ന മാർക്കിനോടൊപ്പം പ്രായോഗിക പരീക്ഷണത്തിൽ കൂടി മാർക്ക് വാങ്ങുന്നുണ്ടോ എന്ന് നിരീക്ഷിച്ചുകൊണ്ടിരിക്കണം. അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള നിരന്തരബന്ധവും സഹകരണവും ഇത്തരമൊരു സാകല്യ മൂല്യനിർണയരീതിക്ക് അത്യന്താപേക്ഷിതമാണ്.

## മദ്റസയും സ്കൂളും

മദ്റസാ വിദ്യാഭ്യാസത്തെയും സ്കൂൾ വിദ്യാഭ്യാസത്തെയും മുസ്‌ലിംസമുദായം എങ്ങനെ നോക്കിക്കാണുന്നുവെന്നത് മദ്റസാ പഠനത്തിലും സ്കൂൾ പഠനത്തിലും കുട്ടികൾ കാണിക്കുന്ന താൽപര്യത്തിൽനിന്നുതന്നെ മനസ്സിലാക്കാവുന്നതേയുള്ളൂ. പുസ്തകങ്ങൾ സൂക്ഷിക്കുന്ന രീതി, വസ്ത്രധാരണത്തിലെ തെരഞ്ഞെടുപ്പ്, അധ്യാപകരുമായുള്ള ബന്ധം തുടങ്ങി എല്ലാ വിഷയങ്ങളിലും സ്കൂളിന് മുന്തിയ പരിഗണന നൽകപ്പെടുന്നുവെന്നതാണ് അനുഭവം. സ്കൂൾ വിദ്യാഭ്യാസത്തെയാണ് ജീവിതഗന്ധിയും ജീവിതവിജയം നേടാനുള്ള ഉപാധിയുമായി കുട്ടിയുടെ മനസ്സ് അംഗീകരിക്കുന്നത് എന്നതാണ് ഈ വേർതിരിവിനു കാരണം. രക്ഷിതാക്കളുടെ സമീപനവും ഇങ്ങനെയൊരു അഭിപ്രായ രൂപീകരണത്തിന് കാരണമാകുന്നുണ്ട്. സ്കൂൾ പഠനത്തിന് എത്ര സംഖ്യ ചെലവാക്കാനും സൗകര്യങ്ങളൊരുക്കാനും തയാറുള്ള രക്ഷിതാവ് മദ്റസയുടെ കാര്യം വരുമ്പോൾ കാണിക്കുന്ന താൽപര്യക്കുറവും, ഒരിക്കലും സ്കൂൾ ഹാജർ കുറവ് വരുത്താതെ ശ്രദ്ധിക്കുമ്പോഴും മദ്റസയുടെ കാര്യത്തിൽ നിസ്സാര കാര്യത്തിന് ലീവെടുപ്പിക്കുന്ന രക്ഷിതാവിന്റെ മനോഭാവവും കുട്ടിയിൽ മദ്റസയോടുള്ള വിമുഖതക്ക് കാരണമാകുന്നു.

രക്ഷിതാക്കളുടെ സമീപനം മാറ്റുകയും മദ്റസകളിലെ ബോധനരീതികൾ ആകർഷകമാക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഈ മനോഭാവം ക്രമേണ മാറ്റിയെടുക്കാനാവൂ. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുപയോഗപ്പെടുത്തിക്കൊണ്ട് പഠനം കൂടുതൽ എളുപ്പമാക്കാനും ശ്രമിക്കാവുന്നതാണ്. ഇതിന് പ്രാപ്തരായ അധ്യാപകരെ ആകർഷകമായി വേതനം നൽകി നിയമിക്കുന്നതിന് മാനേജ്മെന്റും ശ്ര

ദ്ധിക്കേണ്ടതുണ്ട്.

**സമയമാറ്റം**

ദിവസം രണ്ട് മണിക്കൂര്‍ വീതം ആറു ദിവസങ്ങളിലായി 12 മണിക്കൂറാണ് ആഴ്ചയില്‍ മദ്‌റസാ പഠനം നടക്കുന്നത്. സ്‌കൂള്‍ സമയമാറ്റം മദ്‌റസാ പഠനത്തിന് അവസരം നഷ്ടപ്പെടുത്തുമെന്നാണ് സമയ പരിഷ്‌കരണത്തെ എതിര്‍ക്കുന്നവരുടെ ആശങ്ക. ഉച്ച കഴിഞ്ഞോ ആഴ്ചയിലെ അവധി ദിവസങ്ങളിലോ സമയം ക്രമീകരിച്ചുകൊണ്ട് ഇത് പരിഹരിക്കാവുന്നതേയുള്ളൂവെന്ന് അനുകൂലിക്കുന്നവരും വാദിക്കുന്നു.

സ്‌കൂള്‍ സമയത്തിന് തൊട്ടുമുമ്പുള്ള ഇടുങ്ങിയ സമയത്തേക്കാള്‍ സ്‌കൂള്‍ നേരത്തേ അവസാനിപ്പിച്ചുകിട്ടുന്ന സമയമായിരിക്കും കുട്ടികള്‍ക്കും കൂടുതല്‍ പ്രയോജനപ്പെടുക. ആ സമയത്തുള്ള അധ്യാപകരുടെ ലഭ്യത, കുട്ടികള്‍ക്ക് ആവശ്യമെങ്കില്‍ വാഹനസൗകര്യം ഏര്‍പ്പെടുത്തല്‍ തുടങ്ങിയവ രക്ഷിതാക്കളും മാനേജ്‌മെന്റും ചേര്‍ന്ന് പരിഹരിക്കേണ്ട വിഷയങ്ങളാണ്.

വാരാന്ത്യ അവധി ദിവസങ്ങള്‍ പൂര്‍ണമായും മദ്‌റസാ പഠനത്തിന് ഉപയോഗപ്പെടുത്തുക എന്നത് ശാസ്ത്രീയമോ പ്രായോഗികമോ അല്ല. ഗള്‍ഫ്‌നാടുകളില്‍ വിജയം കണ്ട ഈ രീതി വ്യത്യസ്ത കുടുംബ-സാമൂഹിക ചുറ്റുപാടുകള്‍ നിലനില്‍ക്കുന്ന കേരളത്തില്‍ പലതരം പ്രയാസങ്ങള്‍ക്കും കാരണമാവും.

സ്‌കൂള്‍ സിലബസ്സില്‍ തന്നെ (9.30-4.00) മദ്‌റസ വിഷയങ്ങളും ഉള്‍പ്പെടുത്തി അണ്‍എയ്ഡഡ് സ്‌കൂളുകളില്‍ മജ്‌ലിസുത്തഅ്‌ലീമില്‍ ഇസ്‌ലാമി നടത്തിയ പരീക്ഷണം വിജയകരമാണെന്നാണ് അനുഭവങ്ങള്‍ തെളിയിക്കുന്നത്. സ്‌കൂള്‍ വിഷയങ്ങളും മദ്‌റസാ പാഠപുസ്തകങ്ങളും ഒരേ അന്തരീക്ഷത്തിലും രീതിയിലും പഠിപ്പിക്കപ്പെടുന്നുവെന്നതാണ് ഈ സമ്പ്രദായത്തിന്റെ പ്രത്യേകത. അതിനാല്‍ മദ്‌റസാ പഠനത്തോടുള്ള കുട്ടികളുടെ താല്‍പര്യക്കുറവ് കുറഞ്ഞുവരുന്നുവെന്നതും ഈ സമ്പ്രദായത്തിന്റെ നേട്ടമാണ്. പക്ഷേ, ഇത് സര്‍ക്കാര്‍- എയ്ഡഡ് സ്‌കൂളുകളില്‍ പഠിക്കുന്ന ഭൂരിപക്ഷം കുട്ടികള്‍ക്കും പ്രയോജനപ്പെടുന്നില്ല.

ചുരുക്കത്തില്‍, വരുംതലമുറക്ക് മൂല്യബോധം പകര്‍ന്നുനല്‍കേണ്ട മദ്‌റസാ പ്രസ്ഥാനം ഒട്ടേറെ പരിഷ്‌കരണങ്ങള്‍ക്കും മാറ്റങ്ങള്‍ക്കും വിധേയമാവേണ്ടതുണ്ട്. എന്നാല്‍ മാത്രമേ സമുദായം മദ്‌റസാ വിദ്യാഭ്യാസത്തിനായി ചെലവിടുന്ന പണവും പ്രയത്നവും ധാര്‍മികബോധമുള്ള തലമുറയെ സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുകയുള്ളൂ. ■